## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 138

5.12.2014-ൽ മറുപടിക്ക്

### ഫ്ളെക്സ് ബോർഡുകളുടെ ഉപയോഗം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ<br>ശ്രീ. സി. മോയിൻ കുട്ടി<br>ശ്രീ. പി.ബി. അബ്ദുൾ റസാക്ക്<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. മഞ്ഞളാംകുഴി അലി<br>(ബഹു. നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ഫ്ളക്സ് ബോർഡുകളുടെ ഉപയോഗ ക്രമം സംബന്ധിച്ച് സർക്കാരിന്റെ നയമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) 6.11.2014 ൽ സ.ഉ.(കൈ) നം. 194/2014/തസ്വഭവ, സ.ഉ.(കൈ) നം. 195/2014/തസ്വഭവ എന്നീ നമ്പർ ഉത്തരവുകളിൽ ഫ്ളക്സ് ബോർഡുകളുടെ ഉപയോഗക്രമം സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തിന്റെ നഗര റോഡുകളിൽ അപൂർവ്വമായെങ്കിലുമുള്ള നടപ്പാതകളിലും കാൽ നടയ്ക്കുപയോഗിക്കുന്ന ഭാഗങ്ങളിലും ഫ്ളക്സ്ബോർഡുകളും ബാനറുകളും, കൊടിതോരണങ്ങളും കെട്ടി യാത്ര തടസ്സപ്പെടുത്തുകയും, അപകട സാദ്ധ്യത വർദ്ധിപ്പിക്കുകയും നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;<br><br>(സി) എങ്കിൽ അതിനു പരിഹാരമുണ്ടാക്കുന്നതിനും, നഗരറോഡുകളിലെ കാൽ നടക്കാർക്ക് സുരക്ഷിത പാതകളൊരുക്കുന്നതിനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി & സി) ഉണ്ട്. യാത്രാ തടസ്സം സൃഷ്ടിക്കുകയും പാരിസ്ഥിതിക പ്രശ്നങ്ങളും അപകടസാധ്യതകളും വർദ്ധിപ്പിക്കുന്ന തരത്തിൽ, അനധികൃതമായി സ്ഥാപിച്ചിട്ടുള്ള മുഴുവൻ പരസ്യങ്ങളും നീക്കം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ